**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1302** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>കുന്നംകുളം റിംഗ് റോഡ് വികസനത്തിനായി സാമൂഹ്യാഘാത പഠനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കുന്നംകുളം ജംഗ്ഷൻ വികസനത്തിനായി 11(1) വിജ്ഞാപനവും ബി.വി.ആർ (ബേസിക് വാല്യൂഷൻ റിപ്പോർട്ട്) സർവ്വേയും പൂർത്തിയാക്കിയ ശേഷമുള്ള തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** കുന്നംകുളം ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട് 11(1) വിജ്ഞാപനത്തിന്റെ കാലാവധി 05.08.2026 ന് അവസാനിച്ചിട്ടുള്ളതും 9 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ആർ.ആർ പാക്കേജ്, വിശദ വിലനിർണ്ണയ പത്രിക എന്നിവ തയ്യാറാക്കി വരുന്നു.

**(ബി)** കുന്നംകുളം റിംഗ് റോഡ് വികസനത്തിനായി സാമൂഹ്യാഘാത പഠനം (എസ്.ഐ.എ.) പൂർത്തിയാക്കി അംഗീകരിച്ച പശ്ചാത്തലത്തിൽ തുടർ സ്ഥലമേറ്റെടുപ്പ് നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

**<u>മറുപടി:</u>** കുന്നംകുളം റിംഗ് റോഡ് വികസനവുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാതപഠന (എസ്.ഐ.എ.) റിപ്പോർട്ടിന് ശേഷം, വിദഗ്ധ സമിതി റിപ്പോർട്ടിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. RFCTLARR ആക്റ്റ് 2013 സെക്ഷൻ 11(1) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു വേണ്ടിയുള്ള ഡാറ്റാ കളക്ഷൻ നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**